<u>പത്രക്കുറിപ്പ്</u>

# പരോളിലിറങ്ങി മുങ്ങിയ ഇരട്ടക്കൊലക്കേസ് പ്രതി കഞ്ചാവുമായി പിടിയിൽ

<u>കോവിഡ്-19</u>

## വിലക്ക് ലംഘനം: 59 പേർക്കെതിരെ നിയമനടപടി 17,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- മാധ്യമ പ്രവർത്തകനെയും പോലീസ് ഉദ്യോഗസ്ഥനേയും കൊലപ്പെടുത്തിയ കേസിൽ ജയിൽ ശിക്ഷ അനുഭവിച്ചു വരവെ പരോളിലിറങ്ങി മുങ്ങിയ പ്രതിയെ കഞ്ചാവുമായി പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വലിയതുറ സെറീന മൻസിലിൽ ഹാഷിം (46)- നെയാണ് ഡിസ്ട്രിക്ട് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ തമ്പാനൂർ പോലീസ് അറസ്റ്റ് ചെയ്തത്.




1996-ൽ ഓവർ ബ്രിഡ്ജിൽ വച്ച് നടന്ന ഇരട്ടക്കൊലപാതക കേസിലാണ് ഇയാൾക്ക് ജീവപര്യന്തം ശിക്ഷ ലഭിച്ചത്. അന്ന് ഇയാൾ ഉൾപ്പെട്ട സംഘം നടത്തിയ കവർച്ചാ ശ്രമത്തിനിടെ മാധ്യമ

പ്രവർത്തകനായ ബിനുലാലും പോലീസ് ഫ്ലൈയിംഗ് സ്ക്വാഡിലെ ഉദ്യോഗസ്ഥനായ വിജയനുമാണ് കൊല്ലപ്പെട്ടത്. വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിൽ കഴിഞ്ഞു വരവെ കഴിഞ്ഞ ആഗസ്റ്റിലാണ് ഇയാൾ പരോളിലിറങ്ങിയത്. ഒരു മാസത്തെ പരോൾ കാലാവധി കഴിഞ്ഞിട്ടും തിരികെ പോകാതെ ഒളിവിൽ കഴിഞ്ഞു വരികയായിരുന്നു. ഇത് സംബന്ധിച്ച് ജയിലധികൃതർ സിറ്റി പോലീസ് കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷത്തിൽ ഇയാൾ നഗരത്തിൽ രഹസ്യമായി കഞ്ചാവ് വിൽപ്പന നടത്തി വരുന്നതായി വിവരം ലഭിച്ചു. തുടർന്ന് ഇയാളെ പിടികൂടുവാൻ ഡാൻസാഫ് ടീമിനെ നിയോഗിക്കുകയായിരുന്നു. നർക്കോട്ടിക് സെൽ അസി. കമ്മീഷണർ പ്രദീപ് കുമാറിന്റെ നേതൃത്വത്തിൽ ഡാൻസാഫ് ടീം നിരന്തരമായി നടത്തിയ അന്വേഷണത്തിലാണ് വലിയശാല മൈലാടിക്കടവ് പാലത്തിനു സമീപത്ത് കഞ്ചാവ് വിൽപ്പനയ്ക്കായി എത്തിയ സമയം പ്രതിയെ പിടികൂടിയത്. ഇയാളിൽ നിന്നും വിൽപ്പനക്കായി കൊണ്ടുവന്ന കഞ്ചാവ് പൊതികളും പിടിച്ചെടുത്തു. തമ്പാനൂർ എസ്.എച്ച്.ഒ മുഹമ്മദ് ഷാഫി, എസ്. ഐ വിമൽ രംഗനാഥ്, ഡാൻസാഫ് ടീം എസ്.ഐ ഗോപകുമാർ, എസ്.സി.പി.ഒ മാരായ സജികുമാർ,വിനോദ്, അരുൺ, രഞ്ജിത്, ഷിബു, നാജിബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്ത പ്രതിയെ സംബന്ധിച്ചുള്ള വിവരം വിയ്യൂർ ജയിൽ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (23-02-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 59 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 22 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 34 പേരിൽ നിന്നും 17,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

# അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന ഊരും പേരും തിരിച്ചറിഞ്ഞിട്ടില്ലാത്തതും ഉദ്ദേശം 45 വയസ്സ് പ്രായം തോന്നിക്കുന്നതുമായ ഒരു പുരുഷൻറെ ശരീരം 21-02-2021 തീയതി വൈകുന്നേരം 5.30 മണിക്ക് തിരുവല്ലം ജംഗ്ഷനിൽ കുഴഞ്ഞു വീണ കാണപ്പെട്ടിട്ടുള്ളതും 108 ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ എത്തിച്ച ചികിത്സയിലിരിക്കെ അന്നേ ദിവസം രാത്രി 9.26 മണിയോടെ



മരണപ്പെട്ടിട്ടുള്ളതും മൃതശരീരം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചു വരുന്നതുമാകുന്നു. ഇയാളെ കുറിച്ച് എന്തെങ്കിലും വിവരം അറിയാവുന്നവർ തിരുവല്ലം പോലീസ് സ്റ്റേഷനിലോ താഴെ പറയുന്ന ഫോൺ നമ്പറുകളിലോ അറിയിക്കുവാൻ താല്പര്യപ്പെടുന്നു .

എസ് എച്ച് ഓ തിരുവല്ലം – 9497987103

എസ് ഐ തിരുവല്ലം – 9497980023

തിരുവല്ലം പോലീസ് സ്റ്റേഷൻ –0471–2381148

തിരുവനന്തപുരം സിറ്റി

23–02–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി